കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്

തിരുവനന്തപുരം

(ഹാജർ - ശ്രീ.ബിജു പ്രഭാകർ, ഐ.എ.എസ്)

വിഷയം - കാർഷികവികസന കർഷകക്ഷേമ വകുപ്പ് - ജീവനക്കാര്യം - മണ്ണുത്തി കസ്റ്റം ഹയറിംഗ് സെന്റർ ട്രാക്ടർ ക്ലീനർ ശ്രീ.വി.എ.മൂസയെ സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് -

പരാമർശം - തൃശ്ശൂർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 1/9/2016 ലെ എഇ(1)1073/16 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ എസ്.എച്ച്(3)37311/2016 - തീയതി 05/09/2016**

മണ്ണുത്തി കസ്റ്റം ഹയറിംഗ് സെന്ററിൽ 1/9/2016 ന് ഉച്ചയ്ക്ക് ശേഷം തൃശ്ശൂർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധന നടത്തുന്ന സമയത്ത് ടി ഓഫീസിലെ ട്രാക്ടർ ക്ലീനർ ശ്രീ.വി.എ.മൂസ, പരിശോധന നടത്തികൊണ്ടിരുന്ന മുറിയുടെ വാതിലുകൾ പുറത്ത് നിന്ന് അടയ്ക്കുകയും, പലതവണ ആവശ്യപ്പെട്ടിട്ടും തുറക്കാതെ ഭീഷണിപ്പെടുത്തുകയും, പിന്നീട് പോലീസ് സ്ഥലത്തെത്തി മോചിപ്പിക്കുകയാണ് ഉണ്ടായതെന്നും പരാമർശം പ്രകാരം തൃശ്ശൂർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ മേലുദ്യോഗസ്ഥനോട് അപമര്യാദയായി പെരുമാറുകയും, ഭീഷണിപ്പെടുത്തുകയും ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന് തടസ്സം വരുത്തുകയും ചെയ്ത മണ്ണുത്തി കസ്റ്റം ഹയറിംഗ് സെന്ററിലെ ട്രാക്ടർക്ലീനർ ശ്രീ.വിഎ.മൂസയെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു. സസ്പെൻഷൻ കാലയളവിൽ ടിയാൻ ഉപജീവനബത്തയ്ക്ക് അർഹനാണ്.

(ഒപ്പ്)

കാർഷികവികസന കർഷകക്ഷേമ വകുപ്പ്

ഡയറക്ടർ

SENIOR ADMINISTRATIVE OFFICER
Directorate of Agriculture
Vikas Bhavan, Thiruvananthapuram-33

ശ്രീ.വി.എ.മൂസ,ട്രാക്ടർ ക്ലീനർ,
കസ്റ്റം ഹയറിംഗ് സെന്റർ, മണ്ണുത്തി (മേലധികാരി മുഖേന)

<u>പകർപ്പ് -</u>

(1) അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, തൃശ്ശൂർ
(2) പ്രിൻസിപ്പൽ കൃഷി ഓഫീസർ, തൃശ്ശൂർ.
(3) ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം.
(4) സ്റ്റോക്ക് ഫയൽ/സ്പെയർ
(5) IT സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)